**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5702** **08-11-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ പാർട്ടൈം ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്ക് വേണ്ടി നടപ്പാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ പാർട്ടൈം ജീവനക്കാർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | 24.04.2017 -ലെ സർക്കാർ ഉത്തരവ് (പി) നം.54/2017/ധന പ്രകാരം കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, സർക്കാർ നടപ്പിലാക്കുന്ന ശമ്പള പരിഷ്കരണത്തിൽ ഉൾപ്പെടുന്ന ശമ്പള സ്കെയിലിലുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ